Est. in 1921

UNION CHRISTIAN COLLEGE, ALUVA

# RANDOM WALKS

**an economics association publication**

VOLUME 11 • ISSUE 3 • JANUARY 2021

**UCC 100**

**years of ideal existence**




### 2020: A Year of Happenings

Let's take a brief look into economic, social, cultural and psychological happenings of 2020

### India Today

The burning issues like farmers bill, privatisation and economic crisis

### Read, Reflect, Revive

Thoughtful poems, stories, reflections and some colourful illustrations

### Reports

Economic association inauguration 2020-21

Capacity building program





Aasmeen Manika
II BA Economics



Jeffy Thomas
I BA Economics



# 2020 നഷ്ടങ്ങളുടെ വർഷം

2020 കാഴ്ചയിൽ അതീവ സുന്ദരൻ. പക്ഷേ പലകാരണങ്ങൾ കൊണ്ടും അത്ര സൗന്ദര്യമുള്ളത് ആയിരുന്നില്ല 2020. ലോകത്തെ മുഴുവൻ ഒരു സൂക്ഷ്മജീവി വിഴുങ്ങിയതാണ് ഈ വർഷത്തെ ഏറ്റവും സങ്കടകരമായ കാര്യം. അതിനോടൊപ്പം തന്നെ ആരാധ്യരായ ഒരുപിടി മഹത് വ്യക്തിത്വങ്ങളുടെ വിയോഗവും നമ്മളെ ദുഃഖത്തിലാഴ്ത്തി. അവരവരുടേതായ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ ആയിരുന്നു ഇവരെല്ലാവരും. രാഷ്ട്രീയം, സാഹിത്യം, സിനിമ, സംഗീതം തുടങ്ങിയ മേഖല കളിൽ നിന്നുള്ള വ്യക്തിത്വങ്ങളെയാണ് നമുക്ക് നഷ്ടപ്പെട്ടത്.

നമ്മുടെ രാജ്യത്തിന്റെ മുൻ രാഷ്ട്രപതിയും ജാതി മത രാഷ്ട്രീയ ഭേദമന്യേ മുഴുവൻ ഭാരതീയർക്കും സ്വീകാര്യനായിരുന്ന ശ്രീ പ്രണബ് മുഖർജിയെ നമുക്ക് നഷ്ടപ്പെട്ടു. മുൻകേന്ദ്രമന്ത്രി ആയിരുന്ന അദ്ദേഹത്തെ 2019-ൽ രാജ്യം ഭാരതരത്ന നൽകി ആദരിച്ചു. 2020 ഓഗസ്റ്റ് 31-നാണ് അദ്ദേഹം അന്തരിച്ചത്. മലയാളത്തിലെ പ്രശസ്ത കവിയത്രിയും കേരളത്തിന്റെ പ്രശ്നങ്ങളിൽ ശ്രദ്ധാലുവായ സാമൂഹിക, പരിസ്ഥിതി പ്രവർത്തകയും ആയിരുന്ന സുഗതകുമാരി ടീച്ചറെയും നമുക്ക് ഈ വർഷം നഷ്ടപ്പെട്ടു. സാഹിത്യരംഗത്തെ പ്രധാന പുരസ്കാരങ്ങൾക്കു പുറമേ 2006-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. 2020 ഡിസംബർ 23-നാണ് ടീച്ചർ നമ്മളെ വിട്ടുപിരിഞ്ഞത്. അർജന്റീനിയൻ ഫുട്ബോൾ ഇതിഹാസം ഡീഗോ മറഡോണയാണ് ഈ വർഷം അന്തരിച്ച മറ്റൊരു പ്രമുഖൻ. ലോക ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും വലിയ കളിക്കാരിൽ ഒരാളായിരുന്നു മറഡോണ. 1986 ലോകകപ്പിൽ അർജന്റീനയെ കിരീടത്തിലേക്ക് നയിച്ചത് അദ്ദേഹത്തിന്റെ മികവായിരുന്നു. ലോകമെമ്പാടുമുള്ള കായികപ്രേമികളെ ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവം ആയിരുന്നു അദ്ദേഹത്തിന്റെ വിയോഗം. 2020 നവംബർ 25-നാണ് അദ്ദേഹം അന്തരിച്ചത്.



ഇന്ത്യൻ സംഗീത മേഖലയിൽ എല്ലാ ഭാഷകളിലും നിറഞ്ഞുനിന്ന ഒരു അത്ഭുത സാന്നിധ്യമായിരുന്നു ശ്രീ എസ്. പി. ബാലസുബ്രഹ്മണ്യം. പത്മശ്രീയും പത്മഭൂഷണും ആറ് ദേശീയ പുരസ്കാരങ്ങൾ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അദ്ദേഹം നേടിയിട്ടുണ്ട്. 2010 സെപ്റ്റംബർ 25-നാണ് അദ്ദേഹം അന്തരിച്ചത്. മലയാളത്തിലെ പ്രശസ്ത സംഗീത സംവിധായകനായിരുന്ന അർജ്ജുനൻ മാസ്റ്ററെയും നമുക്ക് നഷ്ടപ്പെട്ടത് 2020-ലാണ്. 50 വർഷത്തിലേറെ നീണ്ട കരിയറിൽ അഞ്ഞൂറിൽപരം ഗാനങ്ങൾ സൃഷ്ടിച്ച മഹാനായിരുന്നു അദ്ദേഹം. 2020 ഏപ്രിൽ 6-നാണ് അദ്ദേഹം അന്തരിച്ചത്. ബോളിവുഡ് സിനിമാ മേഖലയിലെ രണ്ട് അതുല്യ പ്രതിഭകളെയാണ് നമുക്ക് ഈ വർഷം നഷ്ടമായത്. ഇർഫാൻ ഖാൻ, സുശാന്ത് സിംഗ് രാജ്പുത്. 30 വർഷത്തിലേറെ നീണ്ട തന്റെ കരിയറിൽ ഇർഫാൻ ഖാൻ ഒരു ദേശീയ ചലചിത്ര പുരസ്കാരവും നിരവധി ഫിലിംഫെയർ പുരസ്കാരങ്ങളും ലഭിച്ചു. 2011-ൽ അദ്ദേഹത്തെ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. 2020 ഏപ്രിൽ 29-നാണ് അദ്ദേഹം അന്തരിച്ചത്. 2020-ൽ ഇന്ത്യയിലെ മുഴുവൻ സിനിമാ പ്രേമികളെയും ഞെട്ടിച്ച ഒരു വിയോഗമായിരുന്നു സുശാന്തിന്റെത്. 2016-ൽ എം. എസ്. ധോണിയുടെ ജീവിതകഥ പറയുന്ന "എം.എസ് ധോണി ദ അൺ ടോൾഡ് സ്റ്റോറി" എന്ന ബോളിവുഡ് ചിത്രത്തിൽ സുശാന്ത്

ധോണിയുടെ വേഷം അവതരിപ്പിച്ചു. 2020 ജൂൺ 14–ന് അദ്ദേഹത്തെ മുംബൈയിലെ ഫ്ലാറ്റിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തി. മലയാള സിനിമയ്ക്ക് ഇത്രയധികം നഷ്ടങ്ങൾ ഒരുമിച്ച് ഉണ്ടായ മറ്റൊരു വർഷം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. പ്രശസ്ത സംവിധായകർ സച്ചി, ശശി കലിംഗ, ഷാനവാസ് നാരാണിപ്പുഴ നടന്മാരായ രവിവള്ളത്തോൾ, അനിൽ മുരളി, ഷാബു പുൽപ്പള്ളി, അനിൽ നെടുമങ്ങാട് തുടങ്ങിയ അതുല്യരായ പ്രതിഭകളെയാണ് നമുക്ക് നഷ്ടമായത്.



Krishnanunni S.K
I BA Economics

ഇത്രയും നഷ്ടങ്ങൾക്ക് ഇടയിലും നാമിന്നു ജീവിക്കുന്നത് ഭാവിയിൽ പ്രതീക്ഷ അർപ്പിച്ചാണ്. നാം മനുഷ്യരാണ്, ഏത് വെല്ലുവിളിയും നാം മറികടക്കും.



# സ്വകാര്യവത്കരണത്തിന്റെ നാൾവഴികൾ

കൊറോണ വൈറസിന്റെ വ്യാപനവും തുടർന്നുണ്ടായ ലോക്ക്ഡൗണും മൂലം ലോകം കഠിനമായ ഒരു സാമ്പത്തിക തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വിവിധ രാജ്യങ്ങൾ ഈ പ്രതിസന്ധിയെ മറികടക്കാൻ വലിയരീതിയിലുള്ള സാമ്പത്തിക ഉത്തേജന പദ്ധതികളുമായി മുന്നോട്ടു വന്നിട്ടുണ്ട്. താഴെത്തട്ടിലുള്ള ജനങ്ങളുടെ കയ്യിൽ പണമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതിലൂടെ വിപണിയിലെ ഡിമാന്റിനെ ഉയർത്തികൊണ്ടുവരിക എന്നതുമാണ് ഏറ്റവും അടിസ്ഥാനമായി സർക്കാരുകൾ ഇതിനായി ചെയ്യുന്നത്. ഇതിന്റെ ചുവടു പിടിച്ച് ഇന്ത്യയിലും ഇരുപത് ലക്ഷം കോടിയുടെ ആത്മനിർഭർ ഭാരത് എന്ന സാമ്പത്തിക പാക്കേജ് പ്രധാനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. പക്ഷെ പിന്നീടുള്ള ദിനങ്ങളിൽ ധനമന്ത്രി വിശദീകരിച്ച ഈ പാക്കേജ് ജനങ്ങളെയും സമ്പദ് വ്യവസ്ഥയെയും നിരാശപ്പെടുത്തുകയാണുണ്ടായത്. ഏറ്റവും അടിസ്ഥാന വർഗങ്ങളായ കർഷകരുടെയും തൊഴിലാളികളുടെയും കയ്യിലേക്ക് നേരിട്ട് പൈസയെത്തുന്ന സഹായപാക്കേജിലൂടെ മാത്രമേ നമുക്ക് ഈ പ്രതിസന്ധിയെ മറികടക്കാനാകൂ. ഇതിനു വിപരീതമാണ് ഇന്ത്യയിൽ സംഭവിച്ചത്. കോവിഡ് പശ്ചാത്തലത്തിൽ ജനങ്ങളുടെ വാങ്ങൽശേഷി വർധിപ്പിക്കുന്ന, ജനങ്ങളുടെ കയ്യിൽ നേരിട്ട് പണമെത്തിക്കുന്ന യാതൊന്നും തന്നെ പുതിയ പ്രഖ്യാപനത്തിൽ ഉണ്ടായില്ല എന്ന് മാത്രമല്ല, മറിച്ച് പൊതുമേഖലയ്ക്കായി മാറ്റിവെയ്ക്കപ്പെട്ട ആണവോർജവും ബഹിരാകാശ ഗവേഷണവും ഉൾപ്പെടെയുള്ള തന്ത്രപ്രധാന മേഖലകൾ പോലും സ്വകാര്യമേഖലയ്ക്ക് തീറെഴുതാനുള്ള ഒരു മറയായി ഈ പാക്കേജ് മാറുകയും ചെയ്തോ എന്ന് സംശയിക്കുന്നു.

സമ്പദ് വ്യവസ്ഥയെ പൂർണമായും കമ്പോള ശക്തികൾ നിയന്ത്രിക്കുന്ന സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്താൽ കോവിഡ് പോലുള്ള മഹാമാരികളെ നേരിടേണ്ടിവരുമ്പോൾ ഉണ്ടാകുന്ന അപകടം വളരെ വലുതാണ്. ഇത് മനസിലാക്കാൻ ഗഹനമായ പഠനങ്ങളുടെയൊന്നും ആവശ്യമില്ല. അമേരിക്കയിലെ കോവിഡ് വാർത്തകളിലൂടെ ഒന്നു കണ്ണോടിച്ചാൽ മതിയാകും. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പൊതുമേഖലാവ്യവസായങ്ങൾക്ക് ഊന്നൽനൽകി വളർന്ന ഇന്ത്യ എന്ന രാജ്യം മേല്പറയുന്ന അമേരിക്കയുടെ അനുഭവം കൺമുന്നിലുള്ള ഈ കോവിഡ്കാലത്തുതന്നെ പൊതുമേഖലയ്ക്കായി നീക്കിവച്ചിരുന്ന അവസാന മേഖലയായ ആണവോർജ മേഖലപോലും സ്വകാര്യവൽക്കരിച്ച് രാജ്യത്തെ എല്ലാ മേഖലകളിലും സ്വകാര്യവത്കരണം പൂർത്തീകരിച്ച കാഴ്ചയാണ് ഈ ദിനങ്ങളിൽ നാം

കണ്ടത്. ഈ സാഹചര്യത്തിൽ ഇന്ത്യയിലെ സ്വകാര്യ വൽക്കരണത്തിന്റെ നാൾവഴികളിലൂടെ ഒരെത്തിനോട്ടം.
സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വ്യവസായത്തിലൂന്നിയ വികസനമാണ് ഉണ്ടാകേണ്ടത് എന്നത് സ്വാതന്ത്ര്യലബ്ധിക്കു ഒരു ദശാബ്ദം മുൻപേതന്നെ സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വത്തിനിടയിൽ ഒരു സമവായം രൂപപ്പെട്ടിരുന്നു. പിന്നീട് സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം മേൽതീരുമാനത്തിന്റെകൂടി അടിസ്ഥാനത്തിൽ പൊതുമേഖലാ വ്യവസായങ്ങളിലൂന്നിയ വളർച്ചയിലൂടെ ഇന്ത്യയെ വികസനത്തിന്റെ പാതയിലേക്ക് നയിക്കുക എന്നതായിരുന്നു ജവാഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ നയം. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ പദ്ധതിചിലവിന്റെ ഏതാണ്ട് പകുതിയോളം തുക പൊതുമേഖലയ്ക്കായി മാറ്റിവച്ചത് ഇതിന്റെ ദൃഷ്ടാന്തമാണ്. തുടർന്നുള്ള രണ്ടാം പഞ്ചവത്സര പദ്ധതിയും വലിയ പൊതുമേഖലാ വ്യവസായങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. ഭിലായ്, ദുർഗാപൂർ, റൂർക്കേല തുടങ്ങിയ ഉരുക്കു നിർമ്മാണ ശാലകൾ, ആണവോർജ കമ്മീഷൻ തുടങ്ങിയവ സ്ഥാപിക്കുന്നത് ഈ കാലഘട്ടത്തിലാണ്. മൂന്നാം പഞ്ചവത്സര പദ്ധതിയും പൊതുമേഖലാ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ്. പക്ഷെ പിന്നീടുള്ള എഴുപതുകൾ മുതലുള്ള കാലഘട്ടത്തിൽ പതിയെ സ്വകാര്യ മേഖല കടന്നുവരുന്നത് നമുക്ക് കാണാം. അല്പം കൂടെ എളുപ്പത്തിൽ ഈ വിഷയത്തെ മനസിലാക്കാൻ പഞ്ചവത്സര പദ്ധതികളെക്കാൾ ഇന്ത്യയുടെ വ്യവസായ നയങ്ങളിലുണ്ടായ മാറ്റങ്ങളെ നോക്കിക്കാണുന്നതാണ് നല്ലത്.




സ്വാതന്ത്ര്യ ഇന്ത്യയുടെ ആദ്യത്തെ വ്യവസായ നയം രൂപപ്പെടുന്നത് 1948 ലാണ്. ഈ നയത്തിൽ വ്യവസായങ്ങളെ പൊതുമേഖലയ്ക്കായി മാറ്റിവച്ചവ, സ്വകാര്യ മേഖലയ്ക്കായി മാറ്റിവച്ചവ എന്നിങ്ങനെ തരംതിരിച്ചു. ഈ നയം നടപ്പിലാക്കിയതിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ 1956-ൽ ഇന്ത്യ രൂപീകരിച്ച രണ്ടാമത്തെ വ്യയസായ നയമാണ് ഇന്ത്യയുടെ സുപ്രധാന വ്യവസായ നയമായി അറിയപ്പെടുന്നത്. പിൽക്കാലത്ത് തൊണ്ണൂറുകളിലെ നവലിബറൽ നയങ്ങളുടെ ഭാഗമായി സമ്പദ് വ്യവസ്ഥയെ അടിമുടി പൊളിച്ചെഴുതുന്നതുവരെ ഈ നയങ്ങൾ തന്നെയാണ് ഇന്ത്യൻ വ്യവസായമേഖലയെ നയിച്ചത്. ഇവയിൽ ചില കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും പിന്നീട് വന്ന ചില സർക്കാരുകൾ നടത്തിയിരുന്നു എന്നത് വാസ്തവം തന്നെയെങ്കിലും പിന്നീട് വന്ന വ്യവസായ നയങ്ങളുടെ അടിസ്ഥാനം അൻപത്തിയാറിലെ ഈ വ്യവസായ നയം തന്നെയാണ്.

1956 ലെ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ വ്യവസായങ്ങളെ മൂന്നായി തരംതിരിച്ചു. ഷെഡ്യൂൾ എ, ഷെഡ്യൂൾ ബി, ഷെഡ്യൂൾ സി എന്നിവയായിരുന്നു അത്. ഷെഡ്യൂൾ എ യിൽ റെയിൽവേ, പ്രതിരോധം, ആണവോർജം, ഇരുമ്പുരുക്ക്, കൽക്കരിയും ലിഗ്നൈറ്റും, ഖനികൾ, വ്യോമ ഗതാഗതം, കപ്പൽ നിർമ്മാണം, പോസ്റ്റൽ സർവീസ് എന്നിവയടക്കം പതിനേഴ് വ്യവസായങ്ങൾ ആണ് ഉൾപ്പെടുത്തിയിരുന്നത്. മേൽപറഞ്ഞ മേഖലകൾ കേന്ദ്ര സർക്കാരിന്റെ മാത്രം കുത്തകയാണ്. ഈ മേഖലകളിൽ ഒരു സ്ഥാപനം തുടങ്ങാൻ കേന്ദ്ര സർക്കാരിന് മാത്രമേ അധികാരമുള്ളൂ. മറ്റൊരുതരത്തിൽ പറഞ്ഞാൽ മേൽപറഞ്ഞ മേഖലകളിൽ സ്വകാര്യസ്ഥാപനങ്ങൾ ആരംഭിക്കാൻ അനുവാദമില്ല. ഷെഡ്യൂൾ ബി-യിൽ സംസ്ഥാന സർക്കാരുകൾക്കായി മാറ്റി വച്ചിട്ടുള്ള പന്ത്രണ്ട് വ്യവസായങ്ങളാണ് ഉള്ളത്. മെഷീൻ ടൂൾസ്, ഷെഡ്യൂൾ എ യിൽ ഉൾപ്പെടുത്താത്ത ധാതുക്കൾ, പ്ലാസ്റ്റിക്, അവശ്യ മരുന്നുകളും ആന്റിബയോട്ടിക്കുകളും, കെമിക്കൽ പൾപ്പ്, ജലഗതാഗതം ഉൾപ്പടെയുള്ളവ ഇതിൽപ്പെടും. ഈ മേഖലകളിൽ സംസ്ഥാന സർക്കാരുകൾ വ്യവസായ ശാലകൾ സ്ഥാപിച്ചതിനു ശേഷം ആവശ്യമെങ്കിൽ സ്വകാര്യ മേഖലയെ അനുവദിക്കാവുന്നതാണ്. ഈ രണ്ട് വിഭാഗങ്ങളിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെയാണ് ഷെഡ്യൂൾ സി യിൽ ഉൾപെടുത്തിട്ടുള്ളത്. ഈ വ്യവസായങ്ങളിൽ മാത്രമാണ് സ്വകാര്യമേഖലയ്ക്ക് കടന്നുവരാവുന്നത്.

വളരെ കർക്കശമായ ഒരു ലൈസൻസിങ് നയമാണ് 1956 ലെ വ്യവസായ നയത്തിന്റെ ഭാഗമായി ഇന്ത്യയിൽ നിലവിൽ വന്നത്. ഒരു വ്യവസായ സ്ഥാപനം ആരംഭിക്കണമെങ്കിൽ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്ന് പലതരം ലൈസൻസുകൾ വാങ്ങണം. ഈ പ്രക്രിയയിൽ വ്യവസായികൾ നേരിട്ടിരുന്ന ബുദ്ധിമുട്ടുകൾ കാരണം 'ലൈസൻസ് രാജ്' എന്ന പേരിൽ

ഇന്ത്യയിലെ ലൈസൻസിങ് സംവിധാനം കുപ്രസിദ്ധിയാർജ്ജിച്ചു. സ്വകാര്യമേഖലയുടെ ഒരു പരിധിക്കപ്പുറത്തേക്കുള്ള വളർച്ചയ്ക്ക് തടയിടുന്നതിനും അതോടൊപ്പം തന്നെ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനും ലൈസൻസിങ് സംവിധാനം സഹായിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയുടെ വളർച്ചയ്ക്ക് തടയിടുന്ന മറ്റൊരു നിയമ നിർമ്മാണം നടന്നത് അറുപതുകളുടെ അവസാന കാലഘട്ടത്തിലാണ്. 1969 ലെ MRTP (Monopoly & Restricted Trade Practices) നിയമം. ഈ നിയമം നിലവിൽ വന്നതോടെ ഇരുപത്തിയഞ്ചു കോടിയിലധികം ആസ്തിയുള്ള കമ്പനികൾ പുതിയ ഏറ്റെടുക്കലുകൾ നടത്തുന്നതിനോ കമ്പനി വിപുലമാക്കുന്നതിനോ വൈവിധ്യവൽക്കരണത്തിനോ തയ്യാറെടുക്കുകയാണെങ്കിൽ ഗവണ്മെന്റിന്റെ അനുവാദം വാങ്ങണം. ഇതായിരുന്നു ഈ നിയമം. വലിയ സ്വകാര്യ കമ്പനികൾ മറ്റു കമ്പനികളെ ഏറ്റെടുത്ത് അനിയന്ത്രിതമായി വളരുന്നതിലൂടെ രാജ്യത്തെ വിഭവങ്ങൾ ഏതാനും ചില വ്യവസായികളുടെ കൈകളിലേക്ക് ഒതുങ്ങുന്നത് തടയുക എന്നതായിരുന്നു ഈ നിയമ നിർമ്മാണത്തിന്റെ ഉദ്ദേശം. ഇതിലൂടെത്തന്നെ പൊതുമേഖലയ്ക്ക് സർക്കാർ നൽകിയിരുന്ന പ്രാധാന്യവും സ്വകാര്യ മേഖലയുടെ വളർച്ചയെ തടഞ്ഞത് എങ്ങനെ എന്നും വ്യക്തമാണ്.

പിന്നീട് എഴുപതുകളിലാണ് ഇന്ത്യയിൽ വിദേശ നിക്ഷേപം അനുവദിക്കുന്നത്. 1973-ൽ ഇന്ദിര ഗാന്ധി സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തിലാണ് ഈ മാറ്റം കൊണ്ടുവരുന്നത്. പക്ഷെ അടിയന്തരാവസ്ഥയെത്തുടർന്നു ഇന്ദിരാഗാന്ധി സർക്കാർ നിലംപൊത്തുകയും മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ജനതാ ഗവണ്മെന്റ് അധികാരത്തിൽ വരികയും ചെയ്തതോടെ കഥമാറി. ഏതാണ്ട് ഇന്ദിര സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമായ നയങ്ങളാണ് പുതിയ സർക്കാരിനുണ്ടായിരുന്നത്. അവർ മുൻസർക്കാർ പല മേഖലകളിലും അനുവദിച്ച വിദേശ നിക്ഷേപം നിരോധിച്ചു. ജില്ലാ അടിസ്ഥാനത്തിലുള്ള വികേന്ദ്രീകൃതമായ ഒരു വ്യവസായ നയമാണ് മൊറാർജി ഗവണ്മെന്റ് രൂപീകരിച്ചത്. പക്ഷെ ഇത്തരത്തിലുള്ള ജില്ലാ വ്യവസായ ക്ലസ്റ്ററുകളും സ്വകാര്യ വൽക്കരണത്തിന് അവസരമൊരുക്കി. ചില വ്യവസായങ്ങൾ ചെറുകിട മേഖലകൾക്ക് മാത്രമായി മാറ്റിവയ്ക്കുകയും ചെയ്തു. ഈ മേഖലകളിൽ വലിയ സ്വകാര്യ കമ്പനികളുടെ കടന്നുവരവ് തടയുന്നതിനായിരുന്നു ഇത്.

പക്ഷെ ദേശായി ഗവണ്മെന്റിന്റെ തകർച്ചയെത്തുടർന്ന് ഇന്ദിരാഗാന്ധി വീണ്ടും അധികാരത്തിൽ തിരിച്ചെത്തിയതോടെ വ്യവസായ നയവും മാറ്റിയെഴുതപ്പെട്ടു. വിദേശനിക്ഷേപം വീണ്ടും അനുവദിച്ചു. സ്വകാര്യ കമ്പനികൾ കുത്തകയായി മാറാതിരിക്കാൻ വേണ്ടി കൊണ്ടുവന്ന MRTP നിയമത്തിന്റെ പരിധി ഇരുപത്തിയഞ്ചു കോടിയിൽ നിന്നും അൻപതുകോടിയായി ഇന്ദിരാഗാന്ധി സർക്കാർ വർധിപ്പിച്ചു. ഇത് സ്വകാര്യ കമ്പനികളുടെ വളർച്ചയ്ക്ക് സഹായകമായി. എൺപതുകളുടെ മധ്യകാലഘട്ടങ്ങളിൽ രൂപപ്പെട്ട പുതിയ വ്യവസായ നയം MRTP നിയമം വീണ്ടും ഭേദഗതി ചെയ്ത് നിയമത്തിന്റെ പരിധി നൂറു കോടിയിലേയ്ക്ക് ഉയർത്തിയതും, കർശനമായ ലൈസൻസ് ആവശ്യമുള്ള വ്യവസായങ്ങളുടെ എണ്ണം അറുപത്തിനാലായി ചുരുക്കിയതും സ്വകാര്യമേഖലയുടെ വളർച്ചയ്ക്ക് സാഹചര്യം കൂടുതൽ അനുകൂലമാക്കി.




## 90 -കളിലെ നവലിബറൽ നയങ്ങൾ

എൺപതുകളിലെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ദുർഭരണം രാജ്യത്തെ സമ്പദ്‌വ്യവസ്ഥയെ തകർച്ചയുടെ വക്കിലെത്തിച്ചു. ഇത് അന്താരാഷ്ട്ര നാണയ നിധിയിൽ നിന്ന് കടമെടുക്കുന്നതിലേക്ക് ഇന്ത്യയെ എത്തിച്ചു. ഈ വായ്പയുടെ ഭാഗമായ വ്യവസ്ഥകൾ ഇന്ത്യയിൽ നവലിബറൽ നയങ്ങൾ എന്ന് ചുരുക്കിവിളിക്കുന്ന ആഗോളവൽക്കരണ ഉദാരവൽക്കരണ സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന് കാരണമായി.

പ്രത്യക്ഷത്തിൽ ഇവ മൂന്നും വ്യത്യസ്തമായി തോന്നുമെങ്കിലും ഇവ പരസ്പര പൂരകങ്ങളാണ്. ഉദാരവത്കരണം സ്വകാര്യവത്കരണത്തിലേക്കുള്ള ഒരു പാതയാണ്. ഇവ രണ്ടും കൂടിചേർന്നാൽ ആത്യന്തികമായി എത്തിച്ചേരുന്നതാകട്ടെ ആഗോളവൽക്കരണത്തിലുമാണ്. തൊണ്ണൂറുകളിലെ സാമ്പത്തിക പരിഷ്കാരങ്ങൾ ഒറ്റത്തവണയുള്ള മാറ്റംകൊണ്ട് അവസാനിക്കുന്നവയല്ല. മൂന്നു ദശകങ്ങൾക്ക് മുൻപ് ആരംഭിച്ച സാമ്പത്തിക

പരിഷ്കാരങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നവയാണ്. അവയുടെ ഏറ്റവും പുതിയ രൂപമാണ് പൊതുമേഖലയ്ക്കായി മാറ്റിവച്ച അവസാന മേഖലയായ ആണവോർജത്തെപ്പോലും സ്വകാര്യവൽക്കരിച്ച ആത്മനിർഭർ ഭാരത്.

തൊണ്ണൂറുകളിൽ ഇന്ത്യ സ്വീകരിച്ച ഉദാരവത്കരണനയങ്ങൾ എങ്ങനെയാണ് പൊതുമേഖലയുടെ തകർച്ചയ്ക്കും സ്വകാര്യ മേഖലയുടെ വളർച്ചയ്ക്കും കാരണമായതെന്ന് നോക്കാം. ഉദാരവത്കരണ നയങ്ങളുടെ ഭാഗമായി മറ്റു മേഖലകളെപ്പോലെതന്നെ വ്യവസായ മേഖലയും അടിമുടി ഉടച്ചുവാർക്കപ്പെട്ടു. ഇതിന്റെ ഭാഗമായി വ്യവസായ മേഖലയിലുണ്ടായ മാറ്റങ്ങളെ നമുക്ക് പ്രധാനമായും താഴെപറയുന്ന രീതിയിൽ തരംതിരിക്കാം.

1. പൊതുമേഖലയ്ക്കായി മാറ്റിവച്ചിരുന്ന വ്യവസായങ്ങളുടെ എണ്ണം ഇരുപത്തിയൊൻപത്തിൽ നിന്നും (കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പടെ) എട്ടിലേയ്ക്ക് ചുരുക്കി. ഇത് പിൽക്കാലത് നാലിലേക്കും മൂന്നിലേക്കും രണ്ടിലേക്കും പിന്നെ ആത്മനിർഭർഭാരത് അഭിയാനോട്ടുകൂടി ഒന്നുമില്ലാത്ത അവസ്ഥയിലേക്കുമെത്തി.

2. ലൈസൻസിങ് നയം എളുപ്പമാക്കി. 1986 ൽ ലൈസൻസിങ് ആവശ്യമായിരുന്നത് അറുപത്തിനാല് വ്യവസായങ്ങൾക്കായിരുന്നെങ്കിൽ നവലിബറൽ നയങ്ങളുടെ വരവോടെ അത് പതിനെട്ടിലേക്ക് ചുരുങ്ങി. കാലക്രമേണ പട്ടിക വീണ്ടും ചുരുങ്ങി, ഇന്ന് നാം ഈ ലേഖനം വായിക്കുമ്പോൾ ആറ് വ്യവസായങ്ങൾക്ക് മാത്രമാണ് ഇൻഡസ്ട്രിയൽ ലൈസൻസിങ് നിലവിലുള്ളത്. ബഹിരാകാശവും പ്രതിരോധവും, വ്യാവസായിക സ്ഫോടക വസ്തുക്കൾ, അപകടകരമായ രാസവസ്തുക്കൾ, പുകയിലയും അനുബന്ധ ഉത്പന്നങ്ങളും, മദ്യം, മരുന്നുകൾ എന്നിവയാണ് അവ.

3. സ്വകാര്യ മേഖലയിലെ കുത്തകവൽക്കരണത്തെ തടയാനായി കൊണ്ടുവന്ന MRTP നിയമം എടുത്തുകളഞ്ഞു. ഇപ്പോൾ അതിനു പകരമായി നിലവിലുള്ളത് 2002 ലെ കോമ്പറ്റിഷൻ കമ്മീഷൻ ആക്ട് പ്രകാരം നിലവിൽ വന്ന കോമ്പറ്റിഷൻ കമ്മീഷൻ ആണ്. സ്വകാര്യ മേഖലയെ പരിധികളില്ലാത്ത വളരാൻ അനുവദിച്ച നിയമം. പക്ഷെ തമ്മിൽ തമ്മിലുള്ള മത്സരത്തോടെ വേണമെന്ന് മാത്രം. ഇത്തരത്തിലുള്ള മത്സരം പ്രോത്സാഹിപ്പിക്കലാണ് കോമ്പറ്റിഷൻ കമ്മീഷന്റെ കടമ.

4. വിദേശ നിക്ഷേപത്തിനുള്ള നയങ്ങൾ എളുപ്പമാക്കി.

5. രാജ്യത്ത് എവിടെയും വ്യവസായ ശാലകൾ നിർമ്മിക്കാനുള്ള അനുമതി. വലിയ മലിനീകരണമുണ്ടാക്കുന്ന വ്യവസായശാലകൾ മെട്രോനഗരങ്ങളിൽ നിന്ന് 25 കിലോമീറ്റർ മാറിയും, ബാക്കിയുള്ള വ്യവസായ ശാലകൾ രാജ്യത്തെവിടെയും സ്ഥാപിക്കാവുന്ന അവസ്ഥ.

മേൽപറഞ്ഞ മാറ്റങ്ങൾക്കെല്ലാംതന്നെ ഗുണങ്ങളും അതുപോലെ തന്നെ ദോഷങ്ങളുമുണ്ട്. രാജ്യത്ത് വ്യവസായത്തിന് അനുകൂലമായ ഒരു അവസ്ഥ സംജാതമായി എന്നതാണ് ഇത്തരം നയങ്ങളുടെ ആത്യന്തികമായ ഗുണം. സ്വകാര്യ മേഖലയില്ലാതെ ഇന്ത്യയെപ്പോലൊരു രാജ്യത്തിന് പിടിച്ചുനിൽക്കുക എന്നത് ബുദ്ധിമുട്ടാണ്. പക്ഷെ രാജ്യത്തിൻറെ പ്രതിരോധവും ബഹിരാകാശ ഗവേഷണവും ആണവോർജ്ജവും ഉൾപ്പടെയുള്ള തന്ത്രപ്രധാനമായ മേഖലകൾ സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കുന്നത് നല്ലതിനാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്ന് രാജ്യത്തെ പ്രധാന വൻകിട വ്യവസായികൾക്കെല്ലാം ഓരോ പ്രതിരോധ വ്യവസായസ്ഥാപനം കൂടിയുണ്ട്. റിലയൻസ് ഡിഫൻസും, ടാറ്റ ഏയ്റോസ്പെസ് & ഡിഫൻസുമെല്ലാം ഇതിന്റെ ഉദാഹരണങ്ങൾ മാത്രം. റെയിൽവേ നാളുകളായി സ്വകാര്യ വത്കരണത്തിന്റെ പാതയിലാണ്. തേജസ് ട്രെയിനുകൾ ഓടാൻ തുടങ്ങിയതോടെ റെയിൽവെയിലും പൂർണമായ സ്വകാര്യവൽക്കരണമെത്തി. സ്വകാര്യമേഖല നിയന്ത്രിക്കുന്ന തേജസ് ട്രെയിനുകളിൽ സൗകര്യങ്ങൾ എന്നപോലെതന്നെ യാത്രാനിരക്കും മറ്റുള്ള ട്രെയിനുകളെക്കാൾ കൂടുതലാണ്. രാജ്യമെമ്പാടും ഇത്രയും ട്രെയിനുകൾ ഓടിക്കുന്ന, ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ ദാതാവായ, തുടർച്ചയായി കോടിക്കണക്കിനു രൂപ ലാഭത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ റെയിൽവേയ്ക്ക് തേജസ് ട്രെയിനുകൾ സ്വന്തമായി ഓടിക്കാനുള്ള ശേഷിയില്ലാത്തതാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?? റെയിൽവേയെ പൂർണമായി സ്വകാര്യവൽക്കരിക്കുന്നതിലേക്കുള്ള ചുവടുവയ്പ്പുകളാണിത്.

കോമ്പറ്റിഷൻ കമ്മീഷന്റെ വരവോടുകൂടി വ്യവസായനയമായി മാറിയ മത്സരവും നല്ലതല്ലേ എന്ന് തോന്നാം. കാരണം കമ്പോളത്തിലെ മത്സരത്തിന്റെ ഗുണഭോക്താക്കൾ ഉപഭോക്താക്കളായ നമ്മൾ സാധാരണ ജനങ്ങളാണ്. ചില സാഹചര്യങ്ങളിൽ ഇത് ശെരിയാണ്. കുറച്ചു വർഷങ്ങൾക്ക് മുൻപ് മൊബൈൽ നെറ്റ്വർക്ക് കമ്പനികൾ തമ്മിൽ മത്സരാടിസ്ഥാനത്തിൽ

നിരക്കുകൾ കുറച്ചത് നാം കണ്ടതാണ്. ജിയോ കമ്പനി സൗജന്യമായി സേവനം നൽകി ഉപഭോക്താക്കളെ സൃഷ്ടിച്ചതും ഇതേ മത്സര ബോധത്തിലാണ്. പക്ഷെ ഇന്നത്തെ അവസ്ഥയെന്താണ്? എയർടെല്ലും ഐഡിയയും ജിയോയും ഒരേദിവസം തന്നെ താരിഫ് നിരക്കുകൾ വർധിപ്പിച്ചത് യാദൃശ്ചികമാണെന്ന് നമുക്ക് കരുതാനാകുമോ?

സ്വകാര്യമേഖല എങ്ങനെ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നു എന്നതിന് ഒരുദാഹരണം സൂചിപ്പിച്ചതാണ്. ഇന്ന് രാജ്യവും സംസ്ഥാന ഗവണ്മെന്റുകളും ഈസ് ഓഫ് ഡൂയിങ് ബിസിനസ് പട്ടികയിൽ കൂടുതൽ മെച്ചപ്പെട്ട സ്ഥാനങ്ങൾ നേടുന്നതിനുള്ള ശ്രമത്തിലാണ്. എങ്ങനെയാണിത് സാധിക്കുക. നമ്മുടെ നാട്ടിലെ വ്യവസായ നിയമങ്ങൾ ലഘൂകരിക്കുക എന്നതാണ് ഏറ്റവും എളുപ്പമായ മാർഗം. കാരണം നിയമങ്ങൾ കർശനമായ ഒരിടത്തേക്ക് കടന്നുവരാൻ സ്വകാര്യ മേഖല മടിക്കും. ഇന്ന് ഇന്ത്യയിൽ ഓൺലൈനായി ഒരൊറ്റ അപേക്ഷ നൽകിയാൽ പരിസ്ഥിതി മന്ത്രാലയത്തിന്റേതുൾപ്പടെ എല്ലാവിധ ലൈസൻസുകളും ലഭിക്കും. പക്ഷെ ഇത്തരത്തിൽ നിയമങ്ങൾ ലഘൂകരിക്കപ്പെടുമ്പോൾ അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നതും സാധാരണ ജനങ്ങളാണ്. നമ്മുടെ ജലാശയങ്ങൾ ഇനിയും നിറം മാറിയൊഴുകും.ഡെൽഹിപോലുള്ള വ്യാവസായിക നഗരങ്ങളിലെ വായു ശ്വസിക്കാൻ പോലും യോഗ്യമല്ലാതായത് ഇത്തരത്തിൽ എളുപ്പത്തിൽ വ്യവസായങ്ങൾക്ക് അനുമതി നൽകി അവ പുറംതള്ളിയ മാലിന്യങ്ങൾ മൂലമാണ്.

ആരോഗ്യവും വിദ്യാഭ്യാസവും പോലുള്ള സാമൂഹിക മേഖലകൾ സ്വകാര്യമേഖലയ്ക്ക് വിട്ടുനൽകിയാൽ സംഭവിക്കുന്ന അപകടങ്ങൾക്ക് നാം ഇന്ന് സാക്ഷ്യം വഹിക്കുകയാണ്. സാങ്കേതിക വിദ്യയിൽ ലോകത്ത് മുൻപന്തിയിൽ നിൽക്കുന്ന, വരുമാനത്തിൽ ലോകത്ത് ഒന്നാംസ്ഥാനത്തു നിൽക്കുന്ന സ്വകാര്യമേഖലയിൽ അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയുള്ള അമേരിക്ക എന്ന രാജ്യം കൊറോണ എന്ന മഹാമാരിക്ക് മുൻപിൽ പകച്ചു നിൽക്കുകയാണ്.
സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായേക്കാവുന്ന ആഘാതത്തെ പേടിച്ച് ലോക്ക്ഡൗൺ നടപ്പിലാക്കാൻ പോലും വൈകി. ഇവിടെയാണ് പൊതുമേഖലയെ മുറുകെപ്പിടിക്കേണ്ടതിന്റെ പ്രസക്തി. ആരോഗ്യരംഗത്ത് പൊതുമേഖലാ ആരോഗ്യ സംവിധാനങ്ങൾ സജീവമായി ഇടപെടുന്ന കേരളം കോവിഡ് പ്രതിരോധത്തിൽ ലോകശ്രദ്ധയാകർഷിക്കുന്നതും ഈ കാരണം കൊണ്ടാണ്. അതുകൊണ്ടുതന്നെ പൊതുമേഖലയും സ്വകാര്യമേഖലയും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയാണ് നമുക്കാവശ്യം. പ്രതിരോധം, റെയിൽവേ, ആണവോർജ്ജം, ബഹിരാകാശം തുടങ്ങിയ തന്ത്രപ്രധാനമായ മേഖലകൾ പൊതുമേഖലയ്ക്കായി മാത്രം നിലനിർത്തി മറ്റു മേഖലകളിൽ പൊതു-സ്വകാര്യ മേഖലകളുടെ സഹവർത്തിത്വമോ അല്ലെങ്കിൽ പൂർണമായും സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കുന്നതോ ആണ് ഉചിതം. അല്ലാത്തപക്ഷം ഇന്നുകാണുന്ന രീതിയിലുള്ള സ്വകാര്യവത്ക്കരണം തുടർന്നാൽ, ഇപ്പോൾ ചെയ്യുന്നതുപോലെ എയർ ഇന്ത്യയും, ബി പി സി എൽ തുടങ്ങിയ പൊതുമേഖലാ കമ്പനികളെ സ്വകാര്യവ്തകരിക്കുന്ന്തപോലെ മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവ്തക്കരിച്ചാൽ നാളൊരിക്കൽ നമ്മുടെ നാടും പ്രതിസന്ധികളിൽ തകർന്ന് എന്ത് ചെയ്യണമെന്നുപോലും തിരിച്ചറിയാനാകാതെ നിൽക്കുന്ന്ത നാം കാണേണ്ടി വരും.



Ragesh N.M
2009-12 Batch
Research Assistant,
Planning Board





# Farmers' Suicides In India

Farmers are an important asset to our country. India is an agricultural country. We depend highly on our farmers.However the case is that farmer suicides are a common issue in our country. Each year we see so many cases of these suicides due to a number of reasons. The government of India needs to take measures to prevent this issue. We need to save our farmers from this misery as they are the ones who feed us. There are a lot of reasons as to why farmer suicides happen in our country. One of the main reasons is droughts. When the crops do not get sufficient rainfall they do not yield much produce. This, in turn, poses a great loss to the farmers and they go in debt. Areas that have frequent droughts have higher cases of farmer suicides. Floods are also dangerous to the crops. The high debt which the farmers have to pay for the land is another major factor. Family pressure is too high for farmers. And capitalization is a very big reason for farmer suicides.

The total number of farmers who died by suicide in 2019 was 10,281according to the National Crime Records Bureau publication titled Accidental Death and Suicides in India, 2019. 42,480 farmers and daily wagers committed suicide in 2019, an increase of about 6 per cent from the previous year as the number of farmers committing suicide fell marginally while that of daily wagers increased 8 per cent. Activists and scholars have offered a number of conflicting reasons for farmer suicides such as anti-farmer laws, high debt burdens, poor government policies, corruption in subsidies, crop failure, and family problems.

As a humanitarian, my view point is that the tragedy of farmer suicide demands prompt attention. Different governments across time have brought out different short- term solutions that do not address the root causes of the problem. The central problem of suicides is due to debt. Farming must be protected from failure and made profitable.Farmers must necessarily be educated about modern farming techniques and practices. Young generation must be encouraged to participate in farming activities. Farm loans at low interest rates need to be made available. Moreover government schemes and policies are necessary.

Since 26 November 2020, farmers from Punjab and Haryana have laid blockade to the national capital. They are protesting against recently passed Farm Bills.These bills lay the framework for allowing farmers to sell produce directly to corporates. Farmers fear that this may be an excuse to pull off the Minimum Support Prices(MSP) safety net from them. The borders of Delhi have been witnessing huge strikes being carried out by farmers, most of them from

Punjab and Haryana. They are protesting against the two farm bills that Rajya sabha passed.

1)The Farmers Produce Trade and Commerce (Promotion and Facilitation) Bill 2020, that permits intra-state and inter-state trade of farmers produce beyond the physical premises of Agricultural Produce Market Committee (APMC) market yards (mandis) and other markets notified under state.

2)The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Bill, 2020. It creates a national framework for contract farming through an agreement between a farmer and a buyer before the production or rearing of any farm produce.

3)Essential Commodities (Amendment) Act 2020.The Act empowers the central government to control the production, supply, distribution, trade, and commerce in certain commodities. It aims to increase competition in the agriculture sector and increase farmers income.

The key demand of the farmers protest is the withdrawal of the three laws which deregulate the sale of their crops.The Supreme Court on 12 January 2021, suspended the implementation of the three farm lawsand set up a committee comprising experts to hear the parties and understand the ground situation. The farmers aim to ban the farm bills.

India is not only known for its farming but also for the highest suicide rate of the farmers, the farmers recent srike also witnessed death of many. Let the future change it.



Ross Jaison
II BA Economics





# കാർഷിക ബില്ലുകൾ വളമിടുന്നത് കോർപ്പറേറ്റുകൾക്കോ?

"ജിയോ വന്നു. അവർ സൗജന്യ ഫോണുകൾ നൽകി. എല്ലാവരും ആ ഫോണുകൾ വാങ്ങുകയും അവയെ ആശ്രയിക്കുകയും ചെയ്തു. മറ്റു കമ്പനികൾ നഷ്ടത്തിലായി. മത്സരം തുടച്ചുമാറ്റപ്പെട്ടപ്പോൾ ജിയോ അവരുടെ നിരക്ക് വർദ്ധിപ്പിച്ചു. കോർപ്പറേറ്റുകൾ കാർഷികരംഗത്ത് ചെയ്യാൻ പോകുന്നത് ഇതാണ്".

ഈ പ്രസ്താവന ഏതെങ്കിലും പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളുടെ നേതാക്കളുടേതല്ല . മറിച്ച് കാർഷിക ഭേദഗതി ബില്ലിൽ പ്രതിഷേധിച്ച് മന്ത്രി സ്ഥാനം രാജിവച്ച ഹാർസിമ്രത് ആർ ബാദലിന്റെതാണ്. ഇത്തരമൊരു പ്രസ്താവന പുറപ്പെടുവിക്കാൻ പ്രേരിപ്പിച്ച ഘടകമെന്തായിരിക്കും?.

ആത്മനിർഭർ പാക്കേജിന്റെ ഭാഗമായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകൾ പാർലമെന്റ് പാസാക്കിയത് രാജ്യത്തെ വലിയ തോതിലുള്ള വിവാദങ്ങൾക്കും കാർഷിക പ്രതിഷേധങ്ങൾക്കും കാരണമായി. 'ഒരു രാജ്യം ഒരു കാർഷിക വിപണി' എന്ന ലക്ഷ്യത്തോടെ ഇന്ത്യയിലെവിടെയും ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്കു പരമാവധി വരുമാനം നേടി കൊടുക്കുകയാണ് ഈ പരിഷ്കാരങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം. കൃഷി മേഖലയിലേക്കു കൂടുതൽ സ്വകാര്യ മൂലധന നിക്ഷേപവും അടിസ്ഥാന സൗകര്യവും വികസനവും കേന്ദ്രം ലക്ഷ്യമിടുന്നു. എന്നാലിത് കർഷകർക്കുള്ള നിയമ കുരുക്കായി മാറുന്നതെങ്ങനെ എന്ന് പലർക്കും പിടികിട്ടിയിട്ടില്ല. 1985-ലെ ആവശ്യ വസ്തു നിയമത്തിന്റെ ഭേദഗതി, പ്രാദേശിക ഭരണകൂടങ്ങൾക്ക് മേൽനോട്ടം ഉള്ള അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റികളുടെ (എ.പി.എം.സി) നേതൃത്വത്തിലുള്ള വിപണികൾക്ക് പുറത്ത് വിപണനം നടത്താൻ അനുമതി നൽകുന്ന നിയമ ഭേദഗതി, രാജ്യവ്യാപകമായി പ്രാബല്യമുള്ള കരാർ കൃഷി നിയമം എന്നിവയാണ് ഇപ്പോൾ വിവാദത്തിൽ ആയിരിക്കുന്ന കാർഷിക വിപണി പരിഷ്കാര ബില്ലുകൾ. പ്രത്യക്ഷത്തിൽ പുരോഗമനപരം എന്ന് തോന്നാവുന്ന പല വ്യവസ്ഥകളും അടങ്ങിയ ബില്ലിൽ പക്ഷേ, കർഷകർക്ക് വലിയ ആശങ്കകളാണ്. ഇപ്പോൾ തന്നെ ജീവിതം ദുസ്സഹമായി തീർന്ന തങ്ങളെ കരാറുകാരുടെയും കോർപ്പറേറ്റുകളുടെയും കയ്യിലേക്ക് എറിഞ്ഞു കൊടുക്കുകയാണെന്ന രീതിയിലാണ് ഇവർ. അതുകൊണ്ട് തന്നെ ഈ ബില്ല് പ്രയോഗത്തിൽ വന്നാൽ താങ്ങുവില പോലെ ഇപ്പോൾ അനുഭവിക്കുന്ന ആശ്വാസങ്ങൾ കൂടി ഇല്ലാതാകുമെന്ന് കർഷകർ ഭയക്കുന്നത്.

ഭക്ഷ്യ സംസ്കരണത്തിനും കയറ്റുമതിക്കും ആയി കാർഷികോൽപന്നങ്ങൾ പരിധികളില്ലാതെ സംഭരിച്ചു സൂക്ഷിച്ചുവയ്ക്കുന്നതിനു വേണ്ടിയാണ് ആവശ്യ വസ്തു നിയമം ഭേദഗതി ചെയ്യുന്നത്. കോർപ്പറേറ്റുകൾക്കും വൻകിട അഗ്രി ബിസിനസ് സ്ഥാപനങ്ങൾക്കും വേണ്ടിയാണ് ഈ നിയമഭേദഗതി എന്ന് വ്യക്തം. അതുപോലെതന്നെ വിൽപ്പന സ്ഥലവുമായി ബന്ധപ്പെട്ട വ്യവസ്ഥ കോർപ്പറേറ്റു കളുടെ കടന്നു വരവിനുള്ള പശ്ചാത്തലം ഒരുക്കലായി കർഷകർ കാണുന്നു. നിലവിലെ എ പി എം സി ചട്ടപ്രകാരം പ്രാദേശിക കമ്പോളങ്ങളിലെ വില നിശ്ചയിക്കുന്നത് 'മണ്ഡി' എന്ന കാർഷിക ഉൽപന്ന കമ്പോള സമിതിയാണ്. പുതിയ ബിൽ വന്നാൽ മണ്ഡികൾ അപ്രസക്തമാകും. കർഷകർക്ക് എവിടെ വേണമെങ്കിലും ഉൽപ്പന്നം വിൽക്കാം എന്നുവരും. ഒറ്റനോട്ടത്തിൽ നല്ലതാണെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകൾക്ക് റീട്ടെയിൽ ശൃംഖലയിലേക്ക് കടന്നു വരാനുള്ള അവസരമാണ് ഉണ്ടാക്കുക എന്ന് കർഷക സംഘടനകൾ പറയുന്നു. കമ്മീഷൻകാരുടെ ചൂഷണം ഇല്ലാതാവുമെന്ന വാദമാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. എന്നാൽ കർഷകർ അവിടെയും ആശങ്കപ്പെടുകയാണ്. പ്രാദേശിക വിപണികളിലെ സാധാരണക്കാരായ ഇടനിലക്കാരെ കർഷകർക്ക് പരിചയമുണ്ട്. എന്നാൽ പകരം വരുന്ന കൗശല ക്കാരായ കോർപ്പറേറ്റ് ഏജന്റ്മാരെ കൈകാര്യം ചെയ്യുന്നത് സാധാരണ കർഷകർക്ക് എളുപ്പമായിരിക്കില്ല.

കരാർ കൃഷി രാജ്യവ്യാപകമായി നടപ്പാക്കുന്നതിനുള്ള കർഷക (ശാക്തീകരണ, സംരക്ഷണ) നിയമവും കോർപ്പറേറ്റുകളെയാണു തുണയ്ക്കുന്നത്. ഇതിലൂടെ കൃഷിഭൂമി വൻതോതിൽ

കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലാകും. കരാർ കൃഷിയിൽ എപ്പോഴും ഉയർന്ന വില ലഭിക്കണമെന്നില്ല. നിസ്സാരമായ ഗുണമേന്മ മാനദണ്ഡങ്ങളുടെ പേരിൽ വില വെട്ടി കുറയ്ക്കപ്പെടാം. ശക്തമായ കർഷക ഉൽപ്പാദന സംഘടനകളുടെ അഭാവത്തിൽ കരാർ കൃഷി നിയമം സാധാരണ കർഷകന് പ്രയോജനം ചെയ്യില്ല എന്നുള്ളത് പറയേണ്ടതില്ലല്ലോ.




അമേരിക്കൻ മാതൃകയിലുള്ള കോർപ്പറേറ്റ് അനുകൂല കൃഷിവിപണി പരിഷ്കാരങ്ങളാണ് മോദി സർക്കാർ നടപ്പാക്കാൻ ശ്രമിക്കുന്നത്. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ 85 ശതമാനത്തിലേറെ വരുന്ന ചെറുകിട നാമമാത്ര കർഷകരെ സഹായിക്കുന്നതല്ല ഈ പരിഷ്കാരങ്ങൾ.

നമ്മൾ കാലാകാലങ്ങളായി പിന്തുടർന്ന് വരുന്ന കാർഷിക സംസ്കാരത്തിന്റെ തന്നെ മരണമായിരിക്കും എന്നതിൽ യാതൊരു സംശയവുമില്ല. കർഷകരോട് നേരിട്ട് ഇടപെടുന്ന കേരളം പോലുള്ള സംസ്ഥാന സർക്കാരുകളെ തഴഞ്ഞു കൊണ്ടുള്ള നിയമനിർമ്മാണങ്ങൾ കർഷകരെ വീണ്ടും തകർച്ചയിലേക്ക് തള്ളി വിടാൻ ഉള്ള സാധ്യത മറക്കാൻ പാടില്ല. പ്രശ്നങ്ങൾ പരിഹരിച്ച് വിപണി കർഷകരുടെ സമീപത്തേക്ക് എത്തുകയാണ് വേണ്ടത്.

ഏതാനും പേരുടെ സാമ്പത്തിക താല്പര്യങ്ങൾക്കും ലാഭത്തിനും വേണ്ടി കാർഷിക മേഖലയെ വാണിജ്യവത്കരിക്കുന്നതിനെതിരെ നമുക്ക് ശബ്ദമുയർത്താം.

"കോർപ്പറേറ്റുകൾ കൊയ്യാതിരിക്കട്ടെ രാജ്യത്തിന്റെ വയലുകൾ"




Irine Mariam Mani
I BA Economics.








Aswani T. T
II BA Economics

# Indian Economy Under Triple Crisis?
# What Governmen Must Do to Bring it on Growth Track?

The Indian economy, which contracted by 23.9 per cent in the first quarter of its financial year on the back of a stringent coronavirus lockdown that led to job losses and drove down consumption, is in even bigger trouble, as the latest growth figures show.

On Monday, government data revealed that the Indian economy is performing at its worst since 1996, when the country first started publishing quarterly gross domestic product (GDP) figures. Additional data for the first quarter ended June 30 revealed that manufacturing had contracted by 39 per cent, construction by 50.3 per cent and the trade, hotel, transport and communication segments by 47 per cent. A rare positive was agriculture, forestry and fishing, which inched up 0.4 per cent to 3.4 per cent.

According to credit ratings agency Care Ratings, India is behind only Peru and Macau in experiencing the severest contraction out of the 54 territories that have reported GDP figures for April to June. The prediction by analysts is that India, once seen as a global economic driver, will continue to lag behind other economies.DBS Bank economist Radhika Rao said: “Consumption weakness in the current cycle stems from weaker disposable incomes and uncertainty over employment prospects, rather than changes in the rate cycle.
Rao says: “This requires a larger fiscal push, which carries a greater multiplier for growth but meets constrained headroom due to anaemic revenue collections.” She predicts a stimulus push later in the year which may include a short-term boost for consumption, including cash transfers, and a medium-term push towards investments. India was already facing headwinds, with growth touching a six-year low of 4.7 per cent in the October to December 2019 quarter.

In March, the federal government imposed a stringent countrywide lockdown, bringing economic activity to a complete halt. Hundreds of migrant workers lost their jobs, demand dropped and businesses and industry were shut. It has since eased the lockdown in stages, with metro train services being allowed to resume operations in the latest loosening of restrictions. The country’s economy is responding positively to the unlock process. Let’s hope the economy recovers quickly.



Geo Saji
II BA Economics



# Covid 19 And Mid-Day Meal Scheme

2020 is the year where we encountered with a pandemic that brought the world stand still. It affected all people around the world no matter to whichever sections they belong to. The pandemic put all people to their houses limiting the social interactions and relationships. It has forced the governments all over the world to introduce lockdowns and other type of restrictions. As a result schools are also shut for several months, thus it greatly affected one of the largest food security program MID-DAY MEAL SCHEME. It was launched in the year 1995. The Mid-day Meal Scheme is a school meal programme of the Government of India designed to better the nutritional standing of school-going children nationwide. The programme supplies free lunches on working days for children in primary and upper primary classes in government, government aided, local body, Education Guarantee Scheme, and alternate innovative education centres.

The closure of anganawadis and schools in order to ensure social distancing in the wake of COVID-19 pandemic may offer some immediate benefits in terms of containment of the disease and preventing the burden on the already overwhelmed health system but has the potential to leave the children undernourished. The closure of anganawadi centres and schools have led to interruptions of the nutrition service delivery across India. For many children, it might have been the only main source of nutrition in their daily lives, deprivation of which may have long lasting repercussions .Loss of livelihood is the direct impact which has indirectly impacted their food and health security .Even for a shorter time period ,nutrition shortfalls can cause weakened immune system, fatigue, and risk of communicable diseases which may have long run affects on children's health physically, emotionally.

Government of India has issued orders and requested states and other union territories to continue with the provisioning of mid-day meal program. With schools remaining shut following the Covid-19-induced lockdown and students taking lessons from home, the state government has decided to distribute provision and rice kits to all students up to Class VIII who are covered under the mid-day meal scheme. There is no doubt that there are a huge number of students which solely rely on such meals.

Performance of many states is not up to the mark and there often questioning on their functioning of mid-day meals. Different districts inside the same state have different performances. There have been instances where due to the shutting of schools and meal program, students are forced to get back to other activities like rag picking, begging etc. to quench their hunger. Not only children who are suffering but the people who runs this meal program either be kitchen staff or other workers deployed at various schools are not getting enough salary to meet their daily ends.



Marla Elizabeth Philip
III BA Economics



# വാൽനക്ഷത്രവും സമ്മാനവും

